# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2813** 12.03.2018-ൽ മറുപടിയ്ക്ക്

## മത്സ്യവിപണന സൗകര്യം

| ചോദ്യം<br>ശ്രീ.പി.ടി. തോമസ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം വിപണനം ചെയ്യുന്നതിനുള്ള സൗകര്യം മെച്ചപ്പെടുത്തുവാനായി സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള വിശദാംശം നൽകാമോ? | എ) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം വിപണനം ചെയ്യുന്നതിനുള്ള സൗകര്യം മെച്ചപ്പെടുത്തുവാനായി ദേശീയ മത്സ്യവികസന ബോർഡ്/ കേന്ദ്ര സർക്കാർ സഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ ആധുനിക വൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 39 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് അനുമതി നൽകുകയും, 34 എണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.4 മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. 1 മാർക്കറ്റിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും മറ്റ് നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. ഓരോ മത്സ്യമാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്കമത്സ്യത്തിനും പ്രത്യേകം പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിൻ, മത്സ്യം മുറിക്കുന്നതിനുള്ള സ്ലാബ് എന്നീ സംവിധാനത്തോടുകൂടിയ വിപണന സ്റ്റാളുകൾ, മത്സ്യം ലേലം ചെയ്യുന്നതിനായി ലേല ഹാൾ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. അധികം വരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കുന്നതിനായി ചിൽ റൂം സംവിധാനവും, ശുദ്ധമായ ഐസിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫ്ളേക്ക് ഐസ് യൂണിറ്റും പ്രസ്തുത മത്സ്യമാർ |

ക്കറ്റുകളുടെ ഒരു സവിശേഷതയാണ്. എല്ലാ മാർക്കറ്റുകളിലും ടോയ്‌ലറ്റ് സംവിധാനവും ഉറപ്പാക്കിയിട്ടുണ്ട്.

കൂടാതെ കോൾഡ് ചെയിൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മത്സ്യബന്ധന യാനങ്ങളിൽ ഇൻസുലേറ്റഡ് ബോക്സുകൾ നൽകുന്ന പദ്ധതിയും ഇൻസുലേറ്റഡ് ബോക്സുകൾ ഘടിപ്പിച്ച ഇരുചക്ര വാഹനങ്ങൾ, ഓട്ടോറിക്ഷകൾ, ട്രക്കുകൾ മുതലായവ ലഭ്യമാക്കുന്ന പദ്ധതിയും, ലാന്റിംഗ് സെന്ററുകളിലും, മാർക്കറ്റുകളിലും ചിൽ റൂം സംവിധാനം ലഭ്യമാക്കുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

വനിതാ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യ വിപണനം ചെയ്യുന്നതിന് മത്സ്യഫെഡ് മുഖേന നാല് വനിതാ ബസ്സുകൾ പ്രവർത്തിപ്പിക്കുന്നു. മത്സ്യക്കച്ചവ ടത്തിൽ ഏർപ്പെടുന്ന വനിതാ കച്ചവടക്കാർക്ക് പലിശ രഹിത വായ്പ പദ്ധതിയും മത്സ്യഫെഡ് നടപ്പിലാക്കുന്നുണ്ട്. മത്സ്യത്തൊഴിലാളികൾ പിടിച്ചു കൊണ്ട് വരുന്ന മത്സ്യം പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന ലേലം ചെയ്ത് മത്സ്യ വിപണ ത്തിനുള്ള സൗകര്യങ്ങളും ഒരുക്കുന്നതിലൂടെ മത്സ്യ ത്തിന് ന്യായ വില ഉറപ്പാക്കുന്നതിന് കഴിയുന്നതാണ്.

സെക്ഷൻ ആഫീസർ